**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **30-08-2022 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി അറുപത്തിയേഴ് കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കാക്കനാട് തങ്കളം നാലുവരിപ്പാതയുടെ നിർമ്മാണ ത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27.34 കി.മീ. നീളം വരുന്ന പാതയുടെ കോതമംഗലം മണ്ഡലത്തിലെ മാന്നാറി മൈക്രോസ്റ്റേഷൻ മുതൽ തങ്കളം വരെ (20/000 മുതൽ 27/324 കി.മീ.) ഭാഗത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരു ന്നെങ്കിലും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ ഭാഗികമായി സമർപ്പിക്കാതെ മുഴുവൻ നീളത്തിലും ഒന്നിച്ച് സമർപ്പിക്കുവാനുള്ള നിർദ്ദേശ ത്തോടെ മടക്കി നൽകി. ആയത് പ്രകാരമുള്ള ഡി.പി.ആർ KIIFBയിൽ നൽകാനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി വരികയാണ്. കോതമംഗലം മണ്ഡലത്തിലെ മന്നാറി മൈക്രോസ്റ്റേഷൻ മുതൽ ഇളംമ്പ്രഭാഗം വരെ (കി.മീ 20/000 മുതൽ 26/057) സ്ഥലമേറ്റെടുക്കൽ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇളംമ്പ്രഭാഗം മുതൽ തങ്കളം വരെ (കി.മീ 26/057 മുതൽ 27/234 വരെ) സ്ഥലം ലഭ്യമാണ്. ആയതിൽ ഇളംമ്പ്രഭാഗം പ്രവൃത്തി (കി.മീ 26/057 മുതൽ 27/027 വരെ) ബഡ്ജറ്റ് വർക്കിൽ പ്രവൃത്തി പൂർത്തീകരി ച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ വരുന്ന ഏഴ് കി.മീ. ദൂരം നിർമ്മിക്കുന്നതിനായി ഇരുന്നൂറ്റി അൻപത്തിയഞ്ച് കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ കി.മി. 20/000 മുതൽ 27/234 വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ കിഫ്ബിയിലേക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത പദ്ധതിയുടെ DPR ഭാഗീകമായി സമർപ്പിക്കാതെ മുഴുവൻ നീളത്തിലും ഒന്നിച്ച് സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽനിന്നും നിർദ്ദേശിച്ചു. ആയതിനുള്ള ഇൻവെസ്റ്റിഗേഷൻ പി.ഡബ്യൂ.ഡി ഇൻവെസ്റ്റിഗേഷൻ വിഭാഗം നടത്തി വരുന്നു.0/000 മുതൽ 20/000 വരെയുള്ള ഭാഗം കൂടി ഉൾപ്പെടുത്തി DPR ഒന്നിച്ചു സമർപ്പിക്കണം എന്ന് കിഫ്ബി നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു നൽകി. 2009 ൽ നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരമുള്ള വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു സമർപ്പിച്ചെങ്കിലും പ്രാഥമിക വിവരങ്ങൾക്കു പുറമേ 13 വർഷങ്ങൾക്ക്ശേഷം വന്ന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി അഡിഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചതു പ്രകാരം PWD ഇൻവെസ്റ്റിഗേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരുകയാണ്. |
| (സി) | പ്രസ്തുത ഇരുന്നൂറ്റി അൻപത്തിയഞ്ച് കോടി രൂപയുടെ അംഗീകാരം നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | പദ്ധതിയുടെ കി.മി. 20/000 മുതൽ 27/234 വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ കിഫ്ബിയിലേക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത പദ്ധതിയുടെ DPR ഭാഗീകമായി സമർപ്പിക്കാതെ മുഴുവൻ നീളത്തിലും ഒന്നിച്ചു സമർപ്പിക്കുവാൻ കിഫ്ബിയിൽനിന്നും നിർദ്ദേശിച്ചു. ആയതിനുള്ള ഇൻവെസ്റ്റി ഗേഷൻ പി.ഡബ്യൂ.ഡി ഇൻവെസ്റ്റിഗേഷൻ വിഭാഗം നടത്തി വരുന്നു. 0/000 മുതൽ 20/000 വരെയുള്ള ഭാഗം കൂടി ഉൾപ്പെടുത്തി DPR ഒന്നിച്ചു സമർപ്പിക്കണം എന്ന് കിഫ്ബി നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു നൽകി. 2009ൽ നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരമുള്ള വിവരങ്ങൾ ഡിസൈൻ വിഭാഗത്തിനു സമർപ്പിച്ചെങ്കിലും ആയതു പ്രാഥമിക വിവരങ്ങൾക്കു പുറമെ 13 വർഷങ്ങൾക്ക്ശേഷം വന്ന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി അഡിഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചതു പ്രകാരം PWD ഇൻവെസ്റ്റിഗേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരുകയാണ്. |
| (ഡി) | പ്രസ്തുത ഡി.പി.ആർ. -ൽ ഉള്ള സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ; അതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ഡി) | സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബിയിൽ നിന്നും ലഭ്യമാകുകയും ആയതിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചുവരികയാണ്. |
| (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള ഇരുന്നൂറ്റി അൻപത്തിയഞ്ച് | (ഇ) | ഇൻവെസ്റ്റിഗേഷൻ വിഭാഗം അഡിഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ ഉൾക്കൊളളിച്ച് ഡിസൈൻ PPU വിഭാഗത്തിന് |

| | | | |
|---|---|---|---|
| | കോടി രൂപയുടെ ഡി.പി.ആർ. -ന് അംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | | നൽകി ഡീറ്റൈൽഡ് DPR ലഭ്യമാക്കികൊണ്ട് കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയും. |
| (എഫ്) | സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി നിലവിൽ തയ്യാറാക്കി നൽകിയിട്ടുള്ള ഇരുന്നൂറ്റി അൻപത്തിയഞ്ച് കോടി രൂപയുടെ ഡി.പി.ആർ. -ന് വേഗത്തിൽ അംഗീകാരം നൽകി തങ്കളം - കാക്കനാട് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | DPR സമർപ്പിച്ചു കിഫ്ബിയിൽ നിന്നും ഫിനാൻഷ്യൽ സാങ്ക്ഷൻ ലഭ്യമായ ഉടൻ തന്നെ ടെക്നിക്കൽ സാങ്ഷനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി, ആയത് ടെക്നികൽ കമ്മിറ്റിയിൽ പരിഗണിച്ച്, ആയതിലെ നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് പ്രൈസ് എസ്റ്റിമേറ്റ് തയാറാക്കി സാങ്കേതികാനുമതി നൽകി, ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ